- ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.
- കയർ സംഭരണത്തിനായി 2012-2013, 2013-2014 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ വീതം അനുവദിച്ചതു കാരണം കൂടുതൽ കയർ സംഭരിച്ചിട്ടുണ്ട്.
- കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.
- ക്രയവില സ്ഥിരതാ പദ്ധതി (PPSS) പ്രകാരമുള്ള സെയിൽസ് ടേൺ ഓവർ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 5093.82 ലക്ഷം രൂപയും, 5996.17 ലക്ഷം രൂപയും, 8749.98 ലക്ഷം രൂപയും, 9628.90 ലക്ഷം രൂപയായും വർദ്ധിച്ചു.
- ഇൻകം സപ്പോർട്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു.
- കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.
- കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും കയർഫെഡിനേയും, കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും അടിസ്ഥാനസൗകര്യം കൂടുതൽ ശക്തമാക്കി പ്രവർത്തനം ഊർജ്ജസ്വലമാക്കാൻ കഴിഞ്ഞു.

കയർ മേഖലയെ നവീകരിക്കുന്നതിനുള്ള പദ്ധതി

174 (3923) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല പുനരുജ്ജീവിപ്പിയ്ക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്തെ കയർ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് അത്രയും സംഭരിച്ച്, ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കി കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) കയർ വികസന വകുപ്പിന് പുറമേ സഹകരണ, സ്വകാര്യ ഡീഫൈബറിംഗ് മില്ലുകൾ, കയർപിരി മേഖലയിലെ സഹകരണ സംഘങ്ങൾ, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, സ്വകാര്യ മേഖലയിലെ കയർപിരി, കയർ ഉൽപ്പന്ന നിർമ്മാണ സ്ഥാപനങ്ങൾ, കയറ്റുമതിക്കാർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) കയർ വകുപ്പിലെ ഉദ്യോഗസ്ഥരേയും സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് പ്രോജക്ട് തിരിച്ചും സെമിനാറുകൾ നടത്തിയും പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ കയർ വികസന ഡയറക്ടറേറ്റിൽ രൂപീകരിക്കപ്പെട്ടുന്ന സെൽ ആണ് പദ്ധതിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly